MONDAY

10.06.2024

തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR     Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 10/06/2024

1. 2024 ഫെബ്രുവരി മാസം മുതൽ സംസ്ഥാനത്തുണ്ടായ ഉഷ്ണതരംഗത്തിൽ കൃഷിനാശനഷ്ടമുണ്ടായ കർഷകർക്ക് AIMS പോർട്ടലിൽ അപേക്ഷിക്കാനുള്ള സമയപരിധി ജൂൺ 30 (30.06.2024) വരെ നീട്ടി കൃഷിഡയറക്ടർ ഉത്തരവിട്ടു. കർഷകർക്ക് അതാത് കൃഷിഭവനിലെ FIR (പ്രഥമ വിവര റിപ്പോർട്ട്) പ്രകാരം AIMS പോർട്ടൽ മുഖേന ഉഷ്ണതരംഗം കാരണമുണ്ടായ കൃഷിനാശനഷ്ടത്തിന് അപേക്ഷിക്കാവുന്നതാണ്.

2. 2024 വർഷത്തെ മത്സ്യകർഷക അവാർഡിനുള്ള അപേക്ഷകൾ ക്ഷണിച്ചു. മത്സ്യകർഷക ദിനമായ ജൂലൈ 10 ന് അവാർഡുകൾ വിതരണം ചെയ്യും മികച്ച ശുദ്ധജല കർഷകർ, ഓരുജല കർഷകർ, ചെമ്മീൻ കർഷകർ, നൂതന മത്സ്യകൃഷി നടപ്പിലാക്കുന്ന കർഷകർ, അലങ്കാര മത്സ്യ റീയറിംഗ് യൂണിറ്റ് നടപ്പിലാക്കുന്ന കർഷകർ, പിന്നാമ്പുറം മത്സ്യ വിത്തുല്പാദന യൂണിറ്റ് കർഷകർ, നല്ല പരിസ്ഥിതി സൗഹൃദ മത്സ്യ കർഷകൻ, എന്നീ ഭാഗങ്ങളിലായി സംസ്ഥാനതലത്തിൽ മൂന്ന് സ്ഥാനങ്ങൾക്കാണ് മത്സ്യ കർഷക അവാർഡ് നൽകുന്നത്. ഫീൽഡ് തലത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്കും മത്സ്യകൃഷിക്കായി മികച്ച രീതിയിൽ തുക വകയിരുത്തി പ്രവർത്തിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും അവാർഡ് നൽകും. ഫിഷറീസ് വകുപ്പിന്റെ ഗുണഭോക്താക്കൾ അല്ലാത്ത മത്സ്യ കർഷകരെയും അവാർഡിനായി പരിഗണിക്കും. മത്സ്യകൃഷിയുമായി ബന്ധപ്പെട്ട സ്റ്റാർട്ട് അപ്പിന് പ്രത്യേക അവാർഡ് നൽകും. അപേക്ഷയും, മത്സ്യകൃഷിയും കൃഷിയിടവുമായി ബന്ധപ്പെട്ട നേട്ടങ്ങൾ വിശദീകരിക്കുന്ന 10 മിനിറ്റിൽ അധികരിക്കാത്ത വീഡിയോയും ജൂൺ 12നകം ഫിഷറിസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലോ, മത്സ്യ കർഷക വികസന ഏജൻസി ഓഫീസിലോ, അപേക്ഷകരുടെ അടുത്തുള്ള

മത്സ്യഭവൻ ഓഫീസിലോ സമർപ്പിക്കണം. അപേക്ഷ ഫോമുകൾ മത്സ്യഭവൻ ഓഫീസുകളിലും മത്സ്യ കർഷ വികസന ഏജൻസി ഓഫീസിലും ലഭ്യമാണ്.

3. കേരളത്തിലെ കർഷകർക്ക് മികച്ചയിനം നെൽവിത്തുകൾ ലഭ്യമാക്കുന്നതിൽ തടസമില്ലെന്ന് കൃഷിവകുപ്പ്. വരുന്ന ജൂൺ മാസത്തിൽ ആരംഭിക്കുന്ന വിരിപ്പ് സീസണിലേക്കായി മികച്ച ഗുണമേന്മയുള്ള നെൽവിത്തുകൾ കൃഷിഭവനിലൂടെ വിതരണം ചെയ്യുന്നതിനുള്ള എല്ലാ തയ്യാറെടുപ്പുകളും പൂർത്തിയായി. കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി, സ്റ്റേറ്റ് സീഡ് ഫാമുകൾ, കാർഷിക സർവകലാശാല, നാഷണൽ സീഡ് കോർപ്പറേഷൻ ഉൾപ്പെടെയുള്ള വിവിധ സംസ്ഥാന സ്ഥാപനങ്ങളും ഈ വിതരണ പ്രക്രിയയിൽ സജീവമായി പങ്കുചേരുന്നു. ഉമ, ജ്യോതി, മട്ടത്രിവേണി, മനുരത്ന, കുഞ്ഞുകുഞ്ഞ് എന്നീ നെല്ലിനങ്ങളാണ് വിതരണത്തിനായി ഒരുക്കിയിരിക്കുന്നത്. സംസ്ഥാനത്തുടനീളം കർഷകർക്ക് ആവശ്യമുള്ള നെൽവിത്തുകൾ കൃഷിഭവനുകൾ മുഖേന എത്തിക്കാനുള്ള ക്രമീകരണങ്ങൾ കൃഷിവകുപ്പ് എടുത്തിട്ടുണ്ടെന്നും അധികാരികൾ അറിയിച്ചു.

**പരിശീലന പരിപാടി**

4. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ ജൂൺ 13, 14 തീയതികളിൽ ക്ഷീരകർഷകർക്കായി സമഗ്ര പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 9388834424/9446453247 എന്നീ ഫോൺ നമ്പരുകളിലേക്ക് whatsapp സന്ദേശം അയക്കുകയോ പ്രവർത്തി ദിവസങ്ങളിൽ വിളിക്കുകയോ ചെയ്യുക. രജിസ്ട്രേഷൻ ഫീസ് 20 രൂപ. ആധാർ, ബാങ്ക് പാസ്ബുക്ക്എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. ക്ഷീര വികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോത്പന്ന പരിശീലന വികസന കേന്ദ്രത്തിൽ വച്ച് ജൂൺ 19 മുതൽ 29 വരെ 10 ദിവസങ്ങളിലായി 'ക്ഷീരോത്പന്ന നിർമ്മാണ പരിശീലന പരിപാടി' സംഘടിപ്പിച്ചിരിക്കുന്നു. താത്പര്യമുള്ള ക്ഷീര കർഷകർക്കും സംരഭകർക്കും ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ അതാത് ബ്ളോക്ക് ക്ഷീര വികസന ആഫീസർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. രജിസ്ട്രേഷൻ ഫീസ് 135/- രൂപ. പരിശീലനാർത്ഥികൾ 2024 ജൂൺ 15-ന് വൈകുന്നേരം 5 മണിക്ക് മുമ്പായി 8089391209, 04762698550 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പ് പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്.

6. മലപ്പുറം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ക്ഷീര കർഷകർക്കായി ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. തദ്ദേശീയ ഭക്ഷ്യ വസ്തുക്കൾ കൂടുതലായി ആശ്രയിക്കുന്ന തീറ്റക്രമം വഴി ഉരുക്കൾക്ക് മെച്ചപ്പെട്ട ആരോഗ്യവും പാലുൽപാദനവും വർദ്ധിച്ച പ്രത്യുൽപാദനതോതും കൈവരിക്കുന്നതിനു കർഷകരെ പ്രാപ്തരാക്കുന്നതിനായാണ് പരിശീലനം. തവനൂർ കെ.സി.എ.ഇ.ടി ക്യാംപസിലാണ് പരിശീലനം. 8547193685 എന്ന മൊബൈൽ ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യണം. പരിശീലന തീയതി കർഷകരെ നേരിട്ട് അറിയിക്കും. ഇ. മെയിൽ: kvkmalappuram@kau.in

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. കേരള കാർഷിക സർവകലാശാല ഇ-പഠന കേന്ദ്രം **"ഹൈടെക് കൃഷി"** എന്ന വിഷയത്തിൽ സൗജന്യ മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് (MOOC) സംഘടിപ്പിക്കുന്നു. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ജൂൺ 20. രജിസ്റ്റർ ചെയ്യുന്നതിനായി www.celkau.in എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ, celkau@gmail.in എന്ന ഇമെയിൽ വിലാസത്തിലോ 8547837256, 9497353389, 0487 2438567

8. കേരള കാർഷിക സർവകലാശാല സെന്റർ ഫോർ ഇ- ലേണിംഗ് **"Plant Propagation and Nursery Management"** എന്ന വിഷയത്തിൽ ആറുമാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് ജൂൺ മാസം 24 മുതൽ ആരംഭിക്കുന്നു. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ജൂൺ 23. രജിസ്ട്രേഷന് www.celkau.in എന്ന വെബ്സൈറ്റ് മുഖേനയോ, celkau@gmail.com എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക .

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം